കഥ കഥ കഥയെ കഥ കഥ..
നാടോടി കഥ, വീര കഥ
ദുര കഥ , കഥ കഥ ഭൂത കഥ...
യക്ഷി കഥ , പക്ഷി കഥ
കെട്ടു കഥ , കുട്ടി കഥ
കഥ കഥ കഥയെ
കഥ കഥ....

ഒരിടത്ത്... ഒരിടത്ത്...ഒരു കാട്ടിൽ.....
എന്ന് പറഞ്ഞു തുടങ്ങിയാൽ ആരായാലും ഒന്നിളകി ഇരിക്കും. അതാണ് കഥയുടെ ശക്തി.. ആ കഥാപ്രപഞ്ചം കാട്ടികൊടുക്കാൻ, കഥ പറച്ചിലിൽ പുതുമ കണ്ടെത്താൻ ഏറെ ഇഷ്ടപ്പെടുന്ന ഒരു കഥപറച്ചിലുകാരിയെ ഈ ദളത്തിലൂടെ പരിചയപ്പെടുത്തട്ടെ...

സന്ധ്യ ജെ,(സന്ധ്യ നരേൻ)
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,
ഹൊനാവർ ശാഖ.

മട്ടാഞ്ചേരി സ്വദേശിയായ എച്ച് ജയകർ ഷേണായിയുടെയും ജെ സോമലതയുടെയും മൂന്ന് പെണ്മക്കളിൽ മൂത്ത ആളാണ് സന്ധ്യ. മട്ടാഞ്ചേരിയിൽ ഏറ്റവും നല്ല കൊങ്കണി വിഭവങ്ങൾ ലഭിക്കുന്ന "അശ്വതി ഫാസ്റ്റ് ഫുഡ്" എന്ന സ്ഥാപനത്തിലൂടെ നിരവധി പത്രവാർത്തകളിൽ ഇടം നേടിയ ആളാണ് ജയകർ ഷേണായി.

മട്ടാഞ്ചേരി തിരുമല ദേവസ്വം ഹൈസ്കൂളിൽ ആയിരുന്നു സന്ധ്യയുടെ സ്കൂൾ വിദ്യാഭ്യാസം. പ്ലസ് ടു പഠനം മട്ടാഞ്ചേരി ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലും ഡിഗ്രി കൊച്ചി സെയിന്റ് തെരേസാസിലും.

നല്ലൊരു കലാകാരനും എഴുത്തുകാരനും നടനും ഒക്കെയായിരുന്നു അച്ഛൻ. കുട്ടികൾ ചിന്തകളിലും പ്രവർത്തികളിലും സ്വതന്ത്രരായിരിക്കണം എന്ന് ചിന്തിച്ചിരുന്ന അച്ഛൻ സന്ധ്യക്ക് പഠനകാലത്ത് എല്ലാവിധ പ്രോത്സാഹനവും നൽകിയിരുന്നു. പ്രസംഗം, ഡിബേറ്റ്, ക്വിസ്, കഥ, കവിത,ഏകാഭിനയം, നാടകം എല്ലാ ഇനങ്ങളിലും തന്റെ കഴിവ് പ്രകടിപ്പിക്കാനും മാറ്റുരക്കാനും അന്നേ അവസരങ്ങൾ ലഭിച്ചിരുന്നു. ഹയർ സെക്കന്ററി തലത്തിൽ എറണാകുളം ജില്ലയിൽ കഥാരചനക്ക് ഒന്നാം സമ്മാനം, എറണാകുളം പബ്ലിക് ലൈബ്രറി നടത്തിയ ഇന്റർകോളേജ് മത്സരത്തിൽ ഒന്നാം സമ്മാനം എന്നിവയൊക്കെ അക്കാലത്തെ അംഗീകാരങ്ങളിൽ ചിലത് മാത്രം.

പഠനം കഴിഞ്ഞ് നിന്ന കാലത്ത് തന്നെ "അഡെക്കോ പീപ്പിൾ വൺ" എന്ന റിക്രൂട്ട്മെന്റ് സ്ഥാപനത്തിൽ ജോലി നേടി.

2006ൽ മംഗലാപുരം റിഫൈനറിയിൽ ജോലി നോക്കിയിരുന്ന നരേന്ദ്ര ബാളിഗയുടെ ജീവിതപങ്കാളിയായി സന്ധ്യ.

പിന്നെ ജീവിതം മംഗലാപുരത്തേക്ക് പറിച്ചുനടപ്പെട്ടു. തന്റെ മുൻപരിചയം കൈമുതലാക്കി അവിടെ റാൻസ്റ്റാഡ് മാഫാ എന്ന റിക്രൂട്ട്മെന്റ് സ്ഥാപനത്തിന്റെ മംഗലാപുരം ശാഖയുടെ ചുമതലക്കാരിയായി. രണ്ട് കൊല്ലങ്ങൾക്ക് ശേഷം ഫ്ലെക്സി റിസോർസ് എന്ന ഒരു ഐ ടി സ്ഥാപനത്തിൽ എച്ച് ആർ വിഭാഗത്തിന്റെ അധികാരിയായി.

തുടർപഠനത്തിൽ സന്ധ്യയുടെ താല്പര്യം മനസ്സിലാക്കിയ നരേന്ദ്രയുടെ പ്രോത്സാഹനത്തോടെ ഇതിനിടെ പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ നിന്നും MHRM ഡിഗ്രി കരസ്ഥമാക്കി.
ആയിടക്കാണ് ബാങ്ക് ജോലിയെക്കുറിച്ചുള്ള ആഗ്രഹം മനസ്സിൽ കടന്ന് കൂടുന്നത്. പിന്നെ അതിനുള്ള അന്വേഷണങ്ങൾ ആയി. നിരവധി ശ്രമങ്ങൾ...

ഒടുവിൽ 2013ൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ ക്ലറിക്കൽ തസ്തികയിൽ നിയമനം കിട്ടി. ചിക്കമംഗ്ലൂർ ശാഖയിൽ.ബാങ്ക് ജോലിക്ക് വേണ്ടിയുള്ള ശ്രമങ്ങളിലും ഇടയ്ക്കിടെ ടെസ്റ്റിന് വേണ്ടിയുള്ള യാത്രാവേളകളിൽ കുഞ്ഞ് മകന്റെ കാര്യങ്ങൾ നോക്കുന്നതിലും ഭർത്താവും അദ്ദേഹത്തിന്റെ അമ്മയും നൽകിയ സഹായങ്ങളും പിന്തുണയും ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടതായിരുന്നു എന്ന് പറയുമ്പോൾ സന്ധ്യയുടെ വാക്കുകളിൽ ആർദ്രത പടർന്നു. അന്ന് അവർ നൽകിയ സ്നേഹവും കരുതലും ഇന്നും സന്ധ്യയുടെ ജീവിതയാത്രയിലെ ഊർജമാണ്.

ബാങ്കിൽ ജോലിക്ക് കയറി ആദ്യ ചാൻസിൽ തന്നെ JAIIB യും അടുത്ത ചാൻസിൽ CAIIB യും കരസ്ഥമാക്കി. സ്ഥിരോത്സാഹം കൈമുതലാക്കിയാൽ ഇത് ആർക്കും കഴിയുമെന്നാണ് സന്ധ്യയുടെ സാക്ഷ്യപ്പെടുത്തൽ.

അക്കാലത്ത് ഉണ്ടായ മറ്റൊരു നേട്ടം തനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ലെന്ന് സന്ധ്യ പറയുന്നു. റിസർവ് ബാങ്ക് അഖിലേന്ത്യാ തലത്തിൽ നടത്തിയ ഒരു ഇന്റർ ബാങ്ക് ലേഖനമത്സരത്തിൽ പങ്കെടുത്തതും അതേക്കുറിച്ച് പൂർണമായും മറന്നിരുന്ന കാലത്ത് ഓർക്കാപ്പുറത്ത് എത്തിയ ഒരു ഫോൺ വിളിയിൽ നിന്നും താനാണ് അഖിലേന്ത്യാ തലത്തിൽ ഒന്നാം സമ്മാനാർഹയായത് എന്ന് തിരിച്ചറിഞ്ഞതും ജീവിതത്തിലെ സുവർണനിമിഷം എന്ന് പറയുമ്പോൾ സന്ധ്യയുടെ സ്വരത്തിൽ അഭിമാനം നിറഞ്ഞു നിന്നു. അതിന് മുൻപ് ഒരു ബാങ്ക് ക്ലാർക്ക് ഒരിക്കലും നേടിയിട്ടില്ലാത്ത വലിയ ഒരു അംഗീകാരം ആയിരുന്നു അതെന്ന് പിന്നീടാണ് മനസ്സിലാക്കിയത്. അന്നത്തെ റിസർവ് ബാങ്ക്

ഡെപ്യൂട്ടി ഗവർണർ ശ്രീ എസ് എസ് മുന്ദ്രയിൽ നിന്നും സമ്മാനം വാങ്ങിയ നിമിഷം ഇന്നും തന്റെ ഓർമകളിൽ നിറഞ്ഞു നിൽക്കുന്നു എന്ന് സന്ധ്യ.

ബാങ്ക് ജോലിക്കിടെ മാസ്സ് കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തരബിരുദം, നിരവധി ഡിപ്ലോമകൾ, ഓൺലൈൻ മാധ്യമത്തിൽ നിരവധി സർട്ടിഫിക്കറ്റ് കോഴ്‌സുകൾ ഒക്കെ നേടാനായത് വലിയ ഭാഗ്യം ആണെന്ന് കരുതുന്നു സന്ധ്യ. ഇതിനൊക്കെ ഭർത്താവിനോടും അദ്ദേഹത്തിന്റെ അമ്മയോടും അച്ഛനോടും എങ്ങിനെ തന്റെ നന്ദി പറയും എന്നറിയാതെ സന്ധ്യ.

നല്ല ഒരു ട്രെയിനർ കൂടിയായ സന്ധ്യ ആദ്യ അവസരം മുതലാക്കി 2016ൽ പ്രൊമോഷൻ നേടി ഓഫീസർ ആയി. വിശാഖപട്ടണത്തായിരുന്നു ആദ്യ പോസ്റ്റിങ്ങ്. 2019ൽ മടങ്ങി ഹൂബ്ലിയിൽ എത്തിയ സന്ധ്യ 2020ൽ സ്കെയിൽ II നേടി ഹൊനാവർ ശാഖയിൽ എത്തി ഇപ്പോഴും അവിടെ തുടരുന്നു.

2018ൽ ആണ് സന്ധ്യയുടെ ജീവിതത്തിൽ വഴിത്തിരിവായ സംഭവം. അന്നാണ് വൈശാഖ് ജൂനിയർ ലിറ്ററി ഫെസ്റ്റിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. ഗില്ലി സിനിമയിൽ വിജയിന്റെ അമ്മയായും ജീൻസ് സിനിമയിൽ ഐശ്വര്യ റായുടെ അമ്മയായും അഭിനയിച്ച "ജാനകി സബേഷ്" കുട്ടികൾക്ക് മുന്നിൽ കഥ പറയുന്നത് കേൾക്കാനായത് ഒരു മനോഹരനിമിഷമായിരുന്നു. കഥ കേൾക്കുന്ന കുട്ടികളുടെ ആരവങ്ങളും സന്തോഷവും കണ്ടപ്പോഴാണ് കഥപറയലിന്റെ സ്വാധീനം സന്ധ്യ തിരിച്ചറിഞ്ഞത്.

പിന്നെ അതിന് പിന്നാലെ ഉള്ള അന്വേഷണങ്ങൾ ആയിരുന്നു.
ഈ മേഖലയിൽ കയ്യൊപ്പ് ചാർത്തിയ നിരവധി പ്രഗത്ഭരുമായി കണ്ടുമുട്ടാൻ കഴിഞ്ഞത് കൂടുതൽ ഊർജമായി.
ജീവാ രഘുനാഥ്, ഗീതാ രാമാനുജം, ഷെറിൻ മാത്യൂസ്, എറിക് മില്ലർ തുടങ്ങിയവരുമായുള്ള സംസർഗം ഈ മേഖലയെ കൂടുതൽ പഠിക്കാനും അറിയാനും അവസരം നൽകി. കേരളത്തിൽ അത്ര കണ്ട് പ്രചാരം നേടാത്ത ഈ മേഖലയിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, കൊങ്കണി എന്നീ ഭാഷകളിൽ അനായാസം കഥ പറയാൻ കഴിയുന്ന അപൂർവം ആൾക്കാരിൽ ഒരാളാണ് സന്ധ്യ. ഇത് ഒരു കലാപ്രവർത്തനം മാത്രമല്ല, ഇന്ന് കോർപ്പറേറ്റ് രംഗത്ത് പ്രചോദനം നല്കാൻ പോലും കഥപറയൽ ഒരു മാധ്യമം ആയി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ് സന്ധ്യയുടെ അഭിപ്രായം.

കഴിഞ്ഞ കോവിഡ് കാലത്താണ് സന്ധ്യക്ക് അമ്മയെ നഷ്ടമായത്. ആയിടെ ബാങ്കിലെ ചില സമ്മർദ്ദങ്ങളിൽ പെട്ട് നട്ടം തിരിയുമ്പോഴാണ് നമ്മുടെ ഗ്രൂപ്പിലേക്ക് ഒരു സുഹൃത്ത് സന്ധ്യയെ തിരിച്ചു വിട്ടത്. അത് ജീവിതത്തിൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കിയെന്ന് സന്ധ്യ തുറന്നുപറയുന്നു. ടിബിയിലെ അംഗത്വവും പ്രോത്സാഹനവും തന്നിലെ എഴുത്തുകാരിയെ ഉണർത്തിയെന്നും കഥയുടെയും കവിതയുടെയും വഴിയിൽ മടക്കി

വിളിച്ചുവെന്നും നന്ദിപൂർവം സന്ധ്യ കൂട്ടി ചേർക്കുന്നു. വരുന്ന മീറ്റിൽ ഇതിലൂടെ പരിചയപ്പെട്ട സുഹൃത്തുക്കളെ കാണാനുള്ള തയാറെടുപ്പിലാണ് സന്ധ്യ.

പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ അനന്തകൃഷ്ണയെ പഠനത്തിന് സഹായിക്കാൻ കഥാവഴികൾ അന്വേഷിക്കുന്ന തിരക്കിലാണിപ്പോൾ. ബാങ്കിലെ തിരക്കിനൊപ്പം കഥകളുടെ സമ്പാദ്യം കൂടി മെച്ചപ്പെടുത്താനും അതിൽ തന്റെ വക ആടയാഭരണങ്ങൾ ചാർത്തി വിപുലപ്പെടുത്താനും ഉള്ള ശ്രമത്തിലാണ്.

സന്ധ്യയുടെ കഥാപ്രപഞ്ചത്തിൽ കൂടുതൽ പുതുമയുള്ള പൂക്കൾ വിരിയട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ
-----------------------------------------------------------------------------------------------

Stories of all sorts, be it a folk tale, horror story, heroic story, mythological story or short story, have the power to captivate everyone with the unsettling ripples it invokes in the hydra headed sphere of creativity. Let us put our spotlight this week, on a multifaceted banker who has a flair for story telling.

Sandhya J (Sandhya Narein)
Central Bank of India
Honnavar Branch

Sandhya was born in Mattancherry, as the eldest daughter of Shri Jaikar Shenoy and Smt. J Somalatha who are natives of Mattanchery.

Jaikar Shenoy was some one who stole the headlines of many newspapers ,having proven his entrepreneurial skills through his venture ‘Aswathi Fast Food’ which serves the best Konkani dishes in Mattancherry.

Sandhya had her schooling at Devaswom High School,Thirumala,Mattancherry.She did her Plus Two at Government Girls Higher Secondary School,Mattancherry and her Degree at St. Theresa's, Kochi.

Her father was a good artist, writer and actor. He believed that his children ought to have

freedom in their thoughts and actions and stood as a pillar of support in the pursuance of her studies .She got opportunity to partake in many competitions including elocution, debate, quizzes, storytelling, poetry, monoact and drama. She ranked first in the short story competition at the Higher Secondary level in Ernakulam district, and in the inter-college competition conducted by the Ernakulam Public Library, to name just a few of the recognitions.

Not so long after completing her graduation, she started working at Adecco People one, a recruitment agency.In 2006, Sandhya became the life partner of Narendra Baliga, who was working at the Mangalore Refinery.

Then she relocated to Mangalore where she worked as the head of the Mangalore branch of Randstad MaFoi, a recruitment agency.Two years later, she became the head of the HR department at an IT company called Flexi Resource.

In the meantime, thanks to the encouragement of Narendra, who realized Sandhya's interest in further studies ,she earned MHRM degree from the University of Pondicherry.It was during those days that she developed a fondness for bank job.

In 2013, she embarked on her banking career as a clerk in Central Bank of India ,at it's Chikmagalur branch. Sandhya's words brimmed with tenderness as she recounted the warm support extended by her husband and his mother, amidst her travels for attending bank tests which required entrusting the responsibility of looking after her son with them, which she cherishes as one of the most valuable bestowments in her life. Their love and care are what still serves as the impetus for Sandhya's contented life journey.

Soon after joining the bank, she earned JAIIB and CAIIB certifications which she believes is possible for all those who are perseverant.

Sandhya had participated in an inter-bank essay competition conducted by the Reserve Bank and later at a point of time when she had completely forgotten about it, she got a call letting her know that she was the first prize winner at the All India level. It was a huge recognition that a bank clerk had never achieved before. Sandhya still remembers that honourable moment when she was awarded by Shri S.S Mundra.,the then Deputy Governor of Reserve Bank of India.

Sandhya believes that it is a great fortune to have earned a master's degree in mass communication, diplomas in varied subjects and several certificate courses through online mode amidst her hectic schedule as a banker. Sandhya is at a loss of words when it comes to conveying her gratitude to her mother and father.

Sandhya, who is also a good trainer, was promoted as an Officer in 2016. Her first posting was in Visakhapatnam.She got posted in Hubli in 2019 and got promoted to Scale II in 2020 .She is presently working in Honnavar branch there.

The year 2018 marked a watershed in her artistic journey. That was the time when she got an opportunity to attend the Vizag Junior Literary Fest. It was a great experience to listen to story telling by Janaki Sabesh, who played Vijay's mother in Gilly movie and Aishwarya Rai's mother in

Jeans movie. Sandhya realized the impact of storytelling when she saw the cheers and joyousness of the children paying attention to the story.

What ensued is her pursuit behind story telling,meeting many famed people in the field.

Her acquaintance with Jeeva Raghunath, Geetha Ramanujam, Sherin Mathews and Eric Miller provided an opportunity to learn more about story telling. Sandhya is one of the few people in Kerala who can tell stories in English, Malayalam, Hindi and Konkani,with ease. Sandhya believes that storytelling is not only an art form but also something which can serve as a source of an inspiration in the corporate arena.

Sandhya lost her mother during the last covid period. One of her friends shifted her focus to Talented Bankers group when she was reeling under the pressures posed by her work,which in turn unfurled a lot of changes in her life.She believes that the group has awakened the writer in her and brought her back to the path of story and poetry.Sandhya is all set to meet her acquaintances in the upcoming Talented Bankers meet.

Sandhya is busy exploring storylines to help Anantha Krishna, a 10th class student, with his studies. She yearns to adorn the realm of stories with her own contributions.

Talented Bankers wholeheartedly wishes all the best for her artistic voyage.May new flowers bloom in her stories and may they keep on fascinating everyone.